LIBRARY ARCHIVES Kerala Legislative Assembly

## ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട്

**37 (45)** ശ്രീ. എൻ. അനിരുദ്ധൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പള പരിഷ്ക്കരണകമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ : എങ്കിൽ ആയത് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ വളരെയധികം അപാകതകളുണ്ടെന്ന് വിവിധ സർവ്വീസ് സംഘടനകൾ ആക്ഷേപം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) എന്നത്തേയ്ക്ക് ശമ്പളപരിഷ്ക്കരണം നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംഘടനകളുടെ ആക്ഷേപം സർക്കാരിന് ലഭിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതിയും ധനകാര്യവകുപ്പും പരിശോധിച്ചുവരുന്നു.

(സി) മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് പരിശോധിച്ച് താമസംവിനാ ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നതാണ്.

## സിവിൽ സർവ്വീസ് നവീകരണം

**38 (46)** ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസ് നവീകരിക്കുന്നതിനായി ഭരണപരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് റിപ്പോർട്ട് നൽകിയത് ;

(സി) കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ് ;

(ഡി) ഈ ശുപാർശകൾ നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) കേരള സംസ്ഥാന രൂപീകരണശേഷം, 1957-ൽ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ചെയർമാനായും 1965-ൽ ശ്രീ. എം. കെ. വെള്ളോടി, ഐ.സി.എസിന്റെ നേതൃത്വത്തിലും 1997-ൽ ശ്രീ. ഇ. കെ. നായനാർ ചെയർമാനായും മൂന്ന് ഭരണപരിഷ്കാര കമ്മിറ്റികൾ രൂപീകരിക്കപ്പെടുകയും ടി കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ശ്രീ. ഇ. കെ. നായനാർ ചെയർമാനായുള്ള മൂന്നാമത് കമ്മിറ്റി 1998 സെപ്തംബർ മാസം ആദ്യം ഫിപ്പോർട്ട് സമർപ്പിച്ചു.

(സി&ഡി) 26-5-1997-ൽ ശ്രീ. ഇ. കെ. നായനാർ ചെയർമാനായി രൂപീകരിച്ച ഭരണപരിഷ്കാര കമ്മിറ്റി, 15 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടുകളിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു:-

ഒന്നാമത്തെ റിപ്പോർട്ടിലെ ശുപാർശകൾ

1. പൊതുജനപരാതിപരിഹാരം
2. അധികാരവികേന്ദ്രീകരണവും ഭരണപരിഷ്കാരവും
3. മോണിറ്ററിംഗ്

രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

സർക്കാർ ഉദ്യോഗസ്ഥരുടെ ഹാജർ നിരീക്ഷണ നിയന്ത്രണം (പഞ്ചിംഗ്)

മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

1. ധനപരമായ പരിഷ്കാരങ്ങൾ
2. ഭരണവകുപ്പിന്റെയും വകുപ്പദ്ധ്യക്ഷന്മാരുടെയും നിലവിലുള്ള ധനപരമായ അധികാരം വർദ്ധിപ്പിക്കുക
3. സാമ്പത്തിക നിയന്ത്രണം ഏകീകരിക്കുക

നാലാമത് റിപ്പോർട്ടിലെ ശുപാർശകൾ

1. കഴിവ് മെച്ചപ്പെടുത്തൽ
2. നിയമ-സ്ഥാനനിർണ്ണയം
3. അച്ചടക്കം

അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ

ലാന്റ് റവന്യൂ, ലാന്റ് ബോർഡ്, രജിസ്ട്രേഷൻ, സർവ്വേ ആന്റ് ലാന്റ് റിക്കാർഡ്സ്, സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ പ്രത്യേക ഭരണപരിഷ്ക്കാരങ്ങൾ

ആറാമത് റിപ്പോർട്ടിലെ ശുപാർശകൾ

ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും ബന്ധപ്പെട്ടകാര്യങ്ങളും നടപടി ക്രമം ലഘൂകരിക്കുന്നത് സംബന്ധിച്ച്

ഏഴാമത് റിപ്പോർട്ടിലെ ശുപാർശകൾ

(സംസ്ഥാന നിയമ കമ്മീഷൻ രൂപീകരണം) കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും പരിഷ്കരിക്കാനും ലളിതമാക്കാനുംവേണ്ടി ഒരു ലോകമ്മീഷൻ രൂപീകരിക്കുക

എട്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

പട്ടികജാതി/പട്ടികവർഗ്ഗ, കിർത്താഡ്സ്, സോഷ്യൽ വെൽഫയർ എന്നീ വകുപ്പുകളിലെ ഭരണപരിഷ്കാരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഒൻപതാമത് റിപ്പോർട്ടിലെ ശുപാർശകൾ

ഉദ്യോഗസ്ഥതല പരിഷ്കാരങ്ങൾ-(സ്റ്റേറ്റ് സിവിൽ സർവ്വീസ്, സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവ രൂപീകരിക്കൽ)

പത്താമത് റിപ്പോർട്ടിലെ ശുപാർശകൾ

പൊതുമരാമത്ത് പ്രവർത്തനത്തിന്റെ നവീകരണം

പതിനൊന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

സർക്കാരും പൊതുമേഖല സ്ഥാപനങ്ങളും തമ്മിലുള്ള അനുരഞ്ജനം

പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

ആരോഗ്യമേഖലയിലെ വികസനം

പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

അധികാര വികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപനവല്ക്കരണ ശുപാർശകൾ.

പതിനാലാമത് റിപ്പോർട്ടിലെ ശുപാർശകൾ

സെക്രട്ടേറിയറ്റ് പരിഷ്കരണം

പതിനഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ

സർക്കാർ നവീകരണം

ഇതിൽ 1, 2, 3, 4, 6, 7, 8, 10, 11, 12, 13 നമ്പറുകളായുള്ള റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകൾ നടപ്പിലാക്കുന്നുണ്ടോയെന്ന് അവലോകനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ വകുപ്പ് സെക്രട്ടറിമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ഭരണപരിഷ്കാര കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 4 റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചു വരുന്നു.

**സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

39 (47) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കുന്ന കാര്യത്തിൽ ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശകളെന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly